# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.486** **24.01.2018-ൽ മറുപടിയ്ക്ക്**

## ജി.എസ്.ടി.

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി. എസ്. ടി. നടപ്പിലാക്കിയതിനെ തുടർന്ന് 2017 ജൂലൈ ഒന്നു മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന് ഉണ്ടായ റവന്യൂ വരുമാന നഷ്ടം എത്രയാണെന്നാണ് കണക്കാക്കിയിരിക്കുന്നത്; | (എ) | ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് നികുതി നഷ്ടം ഉണ്ടായതായി കരുതാനാകില്ല. എന്നാൽ കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല |
| (ബി) | ജി. എസ്. ടി. നടപ്പിലാക്കിയതിനെ തുടർന്നുണ്ടായ നഷ്ട പരിഹാരമായി ഇക്കാലയളവിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും സംസ്ഥാനത്തിന് എത്ര തുക ലഭിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ; | (ബി)<br>&<br>(സി) | ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ഇതിന് കാലവിളംബം ഉണ്ടായിട്ടില്ല. |
| (സി) | ജി. എസ്. ടി. നടപ്പിലാക്കിയതിനെ തുടർന്നുണ്ടായ നഷ്ട പരിഹാരം കേന്ദ്ര ഗവൺമെന്റിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ യെന്നു വ്യക്തമാക്കുമോ; | | |
| (ഡി) | ഇത്തരം പ്രശ്നങ്ങൾ ജി. എസ്. ടി. കൗൺസിലിൽ ചർച്ച ചെയ്ത് പരിഹാരം കാണുന്നതിനുള്ള നടപടികൾ ഫലപ്രദമാകുന്നുണ്ടോ യെന്ന് വ്യക്തമാക്കുമോ? | (ഡി) | ചരക്കു സേവന നികുതി നിയമ നിർമ്മാണത്തിൽ ഭരണഘടനാ പരമായി അധികാരമുള്ള ജി.എസ്.ടി കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്. നിയമ നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടെ വാദഗതികൾ ഉന്നയിക്കുവാനുള്ള അവസരമുണ്ട്. എന്നാൽ ജി.എസ്.ടി. സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ദുർബലപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള |

| | | | |
|---|---|---|---|
| | | | ഭരണഘടനാ ഭേദഗതി ഇതിനകം തന്നെ നടപ്പിലായതിനാൽ കേരളത്തിനു മാത്രമായി ഇതിൽ നിന്നും മാറി നിൽക്കാൻ സാധ്യമല്ല. ഉള്ള അവസരം പ്രയോജനപ്പെടുത്തി ജി.എസ്.ടി കൗൺസിലിനെക്കൊണ്ട് പരമാവധി സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള തീരുമാനങ്ങൾ എടുപ്പിക്കാനുള്ള ശ്രമമാണ് കേരളം നടത്തി വരുന്നത്. ഇതിൽ കുറേയൊക്കെ സംസ്ഥാനം വിജയിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ